LIBRARY ARCHIVES Kerala Legislative Assembly

ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ-കൊട്ടിയം

170 (3006) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടിയത്ത് പ്രവർത്തിക്കുന്ന എൽ.എം.റ്റി.സി. എന്ന സ്ഥാപനത്തിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത സ്ഥാപനം സുഗമമായി പ്രവർത്തിക്കുന്നതിലേക്ക് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) കൊട്ടിയത്ത് പ്രവർത്തിക്കുന്ന എൽ.എം.റ്റി.സി. എന്ന സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുണ്ട്. ടി കെട്ടിടത്തിലെ മുറികൾ പരിശീലനത്തിനുവരുന്ന കർഷകർക്ക് വാടകയ്ക്ക് നൽകുന്നതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു. ഒരു അസിസ്റ്റന്റ് ഡയറക്ടർ തസ്തികയും ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയും പുനർവിന്യാസത്തിലൂടെ അനുവദിച്ചിട്ടുണ്ട്. നിലവിൽ ഗസ്റ്റ് ഫാക്കൽറ്റിയെ ഉപയോഗിച്ച് കർഷകർക്ക് പരിശീലനവും നൽകുന്നുണ്ട്.

ആധുനിക മാംസ സംസ്കരണ ഫാക്ടറി

171 (3007) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിലെ കാഞ്ഞിരപ്പിള്ളിയിലെ എം.പി.ഐ. വക സ്ഥലത്ത് ആധുനിക മാംസ സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾക്ക് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ ;

(സി) തടസ്സങ്ങൾ നീക്കി പ്രസ്തുത മാംസ സംസ്കരണ ഫാക്ടറി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഈ പദ്ധതിക്ക് 19-11-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 265/12/എ.ഡി. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ, പദ്ധതിക്കായി നിശ്ചയിച്ച സ്ഥലം പരിസ്ഥിതി ലോല പ്രദേശമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ മാലിന്യ നിയന്ത്രണ ബോർഡ് അനുമതി നിഷേധിച്ചിരിക്കുകയാണ്.

(സി) നിരോധനം നീക്കി, അനുമതി നൽകുന്നതിനായി ബന്ധപ്പെട്ടവർക്ക് നിവേദനം നൽകിക്കഴിഞ്ഞു.